# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 932 — 28.04.2017 - ൽ മറുപടിയ്ക്ക്

## മലാപ്പറമ്പ് സ്കൂൾ ഏറ്റെടുക്കൽ

| ചോദ്യം<br>ശ്രീ.വി.ടി. ബൽറാം | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കോഴിക്കോട് മലാപ്പറമ്പ് എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | മലാപ്പറമ്പ് എ.യു.പി. സ്കൂൾ സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള 27.07.2016 - ലെ സ.ഉ. (പി) നം. 122/16/പൊ.വി.വ. ഉത്തരവ് 1332-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 509/2016 നമ്പർ വിജ്ഞാപനമായി പുറപ്പെടുവിക്കുകയും അതിൻ പ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി സ്കൂൾ പ്രവർത്തിച്ചുവരികയുമാണ്. |
| (ബി) നടപടിക്രമങ്ങൾ എപ്പോൾ പൂർത്തികരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | | |
| (സി) സ്കൂൾ ഏറ്റെടുക്കുന്നതിലേക്കായി സർക്കാർ ഖജനാവിൽ നിന്നും എത്ര രൂപാ ചെലവഴിക്കേണ്ടി വരുമെന്നാണ് കണക്കാക്കപ്പെടുന്നത്; | (സി) | കോഴിക്കോട് ജില്ലാ കലക്ടറുടെ ശുപാർശ പ്രകാരം മലാപ്പറമ്പ് എ.യു.പി. സ്കൂൾ മുൻ മാനേജരായ ശ്രീ. പി.കെ. പത്മരാജന് സ്കൂൾ ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാര തുകയായ 5,85,86,710/- രൂപ (അഞ്ച് കോടി എൺപത്തിയഞ്ച് ലക്ഷത്തി, എൺപത്തി ആറായിരത്തി എഴുന്നൂറ്റി പത്തു രൂപ മാത്രം) അനുവദിക്കുന്നതിന് സ.ഉ. (സാധാ) നം. 181/2017/പൊ.വി.വ. തീയതി 25.01.2017 പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) സമാന സാഹചര്യത്തിലുള്ള മറ്റേതെങ്കിലും സ്കൂൾ ഏറ്റെടുക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? ; | (ഡി) | എ.യു.പി. സ്കൂൾ പാലാട്ട്, കോഴിക്കോട്, എ.എം.എൽ.പി. സ്കൂൾ, മങ്ങാട്ടുമുറി, മലപ്പുറം, പി.എം.എൽ.പി. സ്കൂൾ, കിരാലൂർ, തൃശ്ശൂർ എന്നീ സ്കൂളുകൾ കൂടി 27.07.2016 - ലെ സ.ഉ. (പി) നം. 122/2016/പൊ.വി.വ. പ്രകാരം ഏറ്റെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

Rema. V

സെക്ഷൻ ഓഫീസർ